**ക്രമപ്രശ്നം**

## 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

ശ്രീ. എം. ഉമ്മർ: സർ, ഈ ബില്ലിലെ എനേബ്ലിംഗ് ക്ലോസിൽ with effect from 8th January 2019 എന്നാണ് പറഞ്ഞിട്ടുള്ളത്. 2019 ജനുവരി 8-ന് ശേഷം സർവ്വീസിൽ ചേർന്നവർക്കാണോ 2019 ജനുവരി 8-ന് മുമ്പ് പ്രൊമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥന്മാർക്കാണോ ഇത് ബാധകമാണെന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കണം. ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിൽ എനേബ്ലിംഗ് ക്ലോസിൽ 2019 ജനുവരി 8 എന്നാണ്. ഇങ്ങനെ വരുമ്പോൾ ഒരുപാട് പ്രശ്നങ്ങളുണ്ടാവുകയാണ്. സാധാരണഗതിയിൽ 12, 18, 20 വർഷങ്ങൾ കൂടുമ്പോഴാണ് പോലീസുകാരുടെ പ്രൊമോഷൻ ഉണ്ടാകുന്നത്. ഈ ബിൽ പൊതുവേ നിരുപദ്രവമാണെന്ന് വിചാരിച്ചാൽ പോലും ഈ രീതിയിൽ പാസ്സാവുകയാണെങ്കിൽ ആയിരക്കണക്കിന് പോലീസുദ്യോഗസ്ഥന്മാരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കും. " 101-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ 'എ' മുതൽ 'ജെ' വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി

പരിഗണിക്കുവാൻ പാടുള്ളതല്ല" എന്ന് പറയുന്നതാണ് എടുത്തുകളയാൻ പോകുന്നത്. ഇത് എടുത്തുകളഞ്ഞാലുണ്ടാകാവുന്ന ഭവിഷ്യത്ത് വളരെ വലുതാണ്. പിഴ, ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ, നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽനിന്നോ നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽനിന്നോ നിരോധിക്കുക, താക്കീത് ചെയ്യുക, ശാസന ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് എടുത്തുകളയുന്നത്. ബില്ലിലെ 6-ാം ഉപവകുപ്പ് നിലനിൽക്കുകയാണെങ്കിൽ ഒരു ശാസനയോ താക്കീതോ ചെയ്ത ഉദ്യോഗസ്ഥന്റെ പ്രൊമോഷനെ അതൊരിക്കലും ബാധിക്കില്ല. ഇത് എടുത്തുകളഞ്ഞാൽ അവരുടെ സർവ്വീസ് ബുക്കിൽ ഒരു ശാസനയോ താക്കീതോ രേഖപ്പെടുത്തുകയാണെങ്കിൽ 12 വർഷംമുമ്പ് സർവ്വീസിലിരിക്കുന്ന ഒരുദ്യോഗസ്ഥന് ഈ ബിൽ പാസ്സായതിനുശേഷം പ്രൊമോഷൻ വരുന്നത് ഒന്നോ രണ്ടോ വർഷം കഴിഞ്ഞാണെങ്കിൽപ്പോലും പ്രൊമോഷൻ ലഭിക്കുകയില്ലെന്നുള്ള വലിയ

പ്രശ്നമുണ്ട്. പോലീസിനെ സംബന്ധിച്ചിടത്തോളം ഒരു ശാസനയോ താക്കീതോ കിട്ടാത്ത പോലീസുദ്യോഗസ്ഥർ വളരെ വിരളമായിരിക്കും. മുമ്പുണ്ടായിരുന്നതനുസരിച്ചാണെങ്കിൽ ഇങ്ങനെയുള്ള ശാസനയും മറ്റുമുണ്ടായാൽ അതൊരിക്കലും അവരുടെ പ്രൊമോഷനെ ബാധിക്കുകയില്ല. 6-ാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങൾ എടുത്തുകളഞ്ഞാൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാർക്ക് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് എണേബ്ലിംഗ് ക്ലോസ്സിലെ അവ്യക്തതകൾ തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്.

ജനറൽ ക്ലോസ്സസ് ആക്ടിലെ പ്രസക്ത ഭാഗം മാത്രം ഞാൻ സൂചിപ്പിക്കാം. ‘ All laws which affect substantive rights generally operate prospectively and there is a presumption against their retrospectivity if they affect vested rights and obligations unless the legislative intent is clear and compulsive. Such retrospective effect may be given where there are express words giving retrospective effect or where the language used....’ എന്നാണ്. ഇതിൽ ഒരു അവ്യക്തത

ഒരിക്കലുമുണ്ടാകാൻ പാടില്ല, പ്രത്യേകിച്ച് എനേബ്ലിംഗ് ക്ലോസ്സിൽ എന്ന് കൃത്യമായി ജനറൽ ക്ലോസ്സസ് ആക്ടിൽ പറയുന്നുണ്ട്.

ഭരണഘടനയുടെ ആർട്ടിക്കിൾ 20- ൽ Protection in respect of conviction for offences -'(1) No person shall be convicted of any offence except for violation of a law in force at the time of the commission of the act charged as an offence, nor be subjected to a penalty greater than that which might have been inflicted under the law in force at the time of the commission of the offence. ' ഈ ക്ലോസ് എടുത്തുകളഞ്ഞാൽ, 12 വർഷംമുമ്പ് സർവ്വീസിലുള്ള ഒരാൾക്ക്, ഈ ആക്ട് പാസ്സായ ഇഫക്ട് വരുന്ന തീയതിവച്ച് എടുക്കുകയാണെങ്കിൽ അവരുടെ പ്രൊമോഷനെ ബാധിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഇത് ഭരണഘടനാ വിരുദ്ധമാണ്. അതുപോലെ പോലീസ് ആക്ടിനും ജനറൽ ക്ലോസ്സസ് ആക്ടിനും നാച്വറൽ ജസ്റ്റീസിനും വിരുദ്ധമാണ്. ഈ അവ്യക്തത പരിഹരിച്ചതിനുശേഷം ബിൽ അവതരിപ്പിക്കണം. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

(ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം ഭരണഘടനാപരമായോ നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരമോ സസ്റ്റെയിനബിളല്ല. അതുകൊണ്ട് ഇത് പരിഗണിക്കാൻ നിർവ്വാഹമില്ല. നിയമപ്രകാരം തയ്യാറാക്കി ബഹുമാനപ്പെട്ട ഗവർണർ പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്ന അവസരത്തിൽ ഭരണഘടനാപരമല്ലാത്ത വാദങ്ങൾ സ്വീകാര്യമല്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നില്ല.

2011-ലെ കേരള പോലീസ് ആക്ട് 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പാണ് ഇവിടെ ഭേദഗതി ചെയ്യുന്നത്. 2019 ജനുവരി 8-ാം തീയതിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. റീ-പ്രൊമുൽഗേറ്റ് ചെയ്യപ്പെട്ട പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സഭ കൂടുന്നതിനാൽ അതിവിടെ പാസ്സാക്കേണ്ടതായിട്ടുണ്ട്. ഇനിയിത് പുനർ പ്രഖ്യാപിക്കാൻ സാദ്ധ്യതയുള്ളതല്ല. 6-ാം ഉപവകുപ്പ് ഇപ്രകാരമാണ്, " The penalties stated in items (a) to (j) above shall not be treated as a bar for the promotion of a police officer." The Kerala Police (Amendment) Ordinance no.6 of 2019 പ്രാബല്യത്തിൽ വന്ന 2019 ജനുവരി 8-ാം തീയതി മുതൽ 6-ാം ഉപവകുപ്പ് ആക്ടിന്റെ ഭാഗമല്ലാതായിക്കഴിഞ്ഞു. ഇക്കാര്യത്തിൽ

ഒരുവിധത്തിലുള്ള വ്യക്തതക്കുറവുമില്ല. ഈ നിമിഷംവരെ ഒരാക്ഷേപവും പോലീസുദ്യോഗസ്ഥർ ഉന്നയിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഗുണഭോക്താവും പരാതിയുമായി വന്നിട്ടില്ല. പ്രസ്തുത ഭേദഗതി ജനറൽ ക്ലോസ്സസ് ആക്ടിലെ 5 (1)-ന് വിരുദ്ധമല്ല. മറ്റ് ചില സ്ഥലങ്ങളിൽ പ്രയോഗിക്കേണ്ടതാണ് അദ്ദേഹം വായിച്ചത്. അത് farthest relationship ആണ്. അതായത് യാതൊരുവിധത്തിലും ബന്ധമില്ലാതെ വിദൂരതയിൽനിന്നും കൊണ്ടുവന്ന വാദമാണ് അദ്ദേഹം ഉന്നയിച്ചത്. ഒരാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി ഇവിടെ പ്രസക്തമല്ല. ഭരണഘടനയുടെ അനുച്ഛേദം 20(1)- കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയാണ്. ഭേദഗതി ബില്ലിലെ വ്യവസ്ഥകളുമായി അതിന് യാതൊരു ബന്ധവുമില്ല. അനുച്ഛേദം 20(1) ലംഘനമാകുമെന്ന വാദം അപ്രസക്തമാണ്. കുറ്റംചെയ്ത കാലത്തുണ്ടായിരുന്ന നിയമപ്രകാരം ലഭിച്ച ശിക്ഷയല്ലാതെ ശിക്ഷ അപ് ടു ഡേറ്റ് ചെയ്യാനോ വർദ്ധിപ്പിക്കാനോ മാറ്റിമറിക്കാനോ സാദ്ധ്യമല്ല, അതൊന്നും ഉദ്ദേശിക്കപ്പെടുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബില്ലുമായി മുന്നോട്ടുപോകാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം

ചെയ്യുന്നില്ല. 2019 ജനുവരി 8-ന് പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ പത്ത് വർഷംമുമ്പ് സർവ്വീസിൽ കയറിയ ഒരാളുടെ സർവ്വീസ് ബുക്കിൽ താക്കീതോ ശാസനയോമറ്റോ ഉണ്ടായിട്ടുണ്ടെങ്കിൽ രണ്ട് വർഷം കഴിഞ്ഞ് അദ്ദേഹത്തിന് പ്രൊമോഷൻ വരുന്ന സമയത്ത് സർവ്വീസ് ബുക്കിലെ ആ എൻട്രി പ്രൊമോഷനെ ബാധിക്കുകയില്ലേ എന്നുള്ളതാണ് എന്റെ സംശയം. പ്രാബല്യത്തിൽ വരുന്നത് 2019-നുമുമ്പുണ്ടായ കാര്യമാണ്. സർവ്വീസിൽ പ്രൊമോഷൻ വരുന്നത് ഇപ്പോഴല്ല, ഒരു വർഷം കഴിഞ്ഞോ അല്ലെങ്കിൽ ബിൽ പാസ്സായതിനുശേഷമോ ആണെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ പ്രൊമോഷന് തടസ്സമുണ്ടാകില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. അതിനെക്കുറിച്ച് ഒരു വാദപ്രതിവാദത്തിന് ഞാനില്ല. അങ്ങ് നിയമപരമായും വിശദമായും സംസാരിക്കുന്ന ആളായതുകൊണ്ട് ബില്ലിന്റെ ചർച്ച വരുമ്പോൾ അവതരിപ്പിക്കാവുന്നതാണ്.

**റൂളിംഗ്**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2019-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ വ്യവസ്ഥകൾ ജനറൽ ക്ലോസ്സസ് ആക്ടിലെയും ഭരണഘടനയിലെയും

വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും അതിനാൽ ബിൽ ക്രമപ്രകാരമല്ലെന്നുമാണ് ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഇതുസംബന്ധിച്ച നിയമവശങ്ങൾ ഇവിടെ വിവരിക്കുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ ജനറൽ ക്ലോസ്സസ് ആക്ടിലെ വ്യവസ്ഥകളുടെയോ ഭരണഘടന വിഭാവന ചെയ്യുന്ന സ്വാഭാവിക നീതിയുടെയോ യാതൊരു തരത്തിലുള്ള ലംഘനവും ഇക്കാര്യത്തിലുണ്ടായിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കാണാൻ കഴിയുന്നില്ല. ആകയാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബില്ലിലെ ക്ലാസ് 6-ൽ ജാമ്യം അനുവദിക്കുന്ന സമയത്തുള്ള നിബന്ധനകളിൽ, പ്രൈവറ്റ് പ്രോപ്പർട്ടി എത്രമാത്രം നശിപ്പിച്ചിട്ടുണ്ടോ അതിന്റെ പകുതി കൊടുക്കണമെന്ന കാര്യവും ജാമ്യക്കാരെ സംബന്ധിച്ച വിവരങ്ങളും ഡെപ്യൂട്ടി കളക്ടറുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഇതിന്റെ കാൽക്കുലേഷനുമെല്ലാം പറയുന്നുണ്ട്. ഇതിന്റെ അവസാന ഭാഗത്ത്,

അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ പാടുള്ളതല്ലെന്ന കാര്യവും പറയുന്നുണ്ട്. ഇത് നമ്മുടെ Code of Criminal Procedure-ലെ പ്രൊവിഷൻസിന് എതിരായ ക്ലാസാണ്. രണ്ടാമത്തെ കാര്യം, ഇത് കോടതിയിൽ വരുമ്പോൾ, വിചാരണക്കോടതിയിൽ പ്രോസിക്യൂഷന്റെ ഭാഗം കേൾക്കണോ വേണ്ടയോ എന്നുള്ളത് ജഡ്ജിന്റെ വിവേചനാധികാരമാണ്. പാർലമെന്റ് പാസ്സാക്കിയ PDPP Act (Prevention of Damage to Public Property Act)-ൽ ഇക്കാര്യങ്ങളുണ്ട്. അത് പകർത്തിയെഴുതിയതാണ് ഈ ബില്ലിൽ ഇതുവരെയുള്ള പ്രധാന കാര്യം. പക്ഷെ, ഇതിൽ ഒരു impropriety ഉണ്ട്. ഈ സഭ ഒരു നിയമം പാസ്സാക്കുമ്പോൾ, ആ നിയമത്തിൽ കോടതിക്കുള്ള ഒരു discretionary power ആണ് പ്രോസിക്യൂഷനെ കേട്ടിട്ട് കൊടുക്കണോ കേൾക്കാതെ കൊടുക്കണോ എന്നുള്ളത്. അക്കാര്യം ആ ജഡ്ജ് അല്ലെങ്കിൽ ജുഡീഷ്യൽ ഓഫീസറാണ് തീരുമാനിക്കേണ്ടത്. ഒരു കോടതി എന്ത് ചെയ്യണമെന്ന് മുൻകൂട്ടി ഒരു നിയമത്തിൽ എഴുതിവയ്ക്കുന്നതിൽ ഒരു impropriety ഉണ്ട്. ക്രിമിനൽ പ്രൊസീഡ്യർ കോഡ് അനുസരിച്ചും ജഡ്ജിന്റെ വിവേചനാധികാരത്തിലും

ഇടപെടുന്ന..... PDPP Act-ൽ ഉണ്ടെന്നു കരുതി അല്ലെങ്കിൽ ഒരു തെറ്റ് എവിടെയെങ്കിലും എഴുതിവച്ചിട്ടുണ്ടെന്ന് കരുതി അത് ആവർത്തിക്കുന്നത് ശരിയല്ല. ഇത് നമുക്ക് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഫ്രെയിം വർക്കിൽ, പ്രത്യേകിച്ച് ഇതുപോലുള്ള പീനൽ പ്രൊവിഷൻസ് എഴുതുന്ന സമയത്തും ഇത്തരം ഒരു പരാമർശം ഒഴിവാക്കപ്പെടേണ്ടതാണ് എന്ന് ഞാൻ ഇവിടെ ഒബ്ജക്ഷനായി അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സഭയിൽ എല്ലാ കാര്യങ്ങളിലും വളരെ ആധികാരികമായിത്തന്നെ സംസാരിക്കാൻ ശ്രമിക്കാറുള്ള ശ്രീ. വി. ഡി. സതീശന്റെ ഈ ക്രമപ്രശ്നം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബില്ലിന്റെ 6-ാം ഖണ്ഡം ക്രിമിനൽ നടപടിയുടെ നിയമസംഹിതയുടെ ജാമ്യം സംബന്ധിച്ച പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമല്ല. 8-ാം ഖണ്ഡം പ്രകാരം ഈ ബില്ലിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന് പുറമെയും അതിന് ഭംഗം വരാതെയുമായിരിക്കുമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഇതിനെ കോടതിയുടെ വിവേചനാധികാരത്തിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കേണ്ടതില്ല.

ബില്ലിന്റെ 6-ാം ഖണ്ഡത്തിൽ ജാമ്യം അനുവദിക്കുമ്പോൾ മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുന്നു എന്നുള്ളതാണ് പ്രശ്നം. അങ്ങനെ മോചിപ്പിക്കുന്നുണ്ടാകും. അങ്ങനെ മോചിപ്പിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ. കാരണം, കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പ്രോസിക്യൂഷന് പറയാനുള്ളതുകൂടി കേൾക്കുന്നത് തീർച്ചയായും കുറേക്കൂടി നന്നായിരിക്കും എന്നുള്ളതുകൊണ്ടാണ്. ഈ ബില്ലിന്റെ 5-എ ഖണ്ഡപ്രകാരം ഈ ആക്ടിൻകീഴിലുള്ള കുറ്റങ്ങൾ cognizable-ഉം ജാമ്യം അനുവദിക്കേണ്ടത് അല്ലാത്തതുമായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികളിലും സാധാരണഗതിയിൽ പ്രോസിക്യൂഷന് ജാമ്യാപേക്ഷ എതിർക്കാനുള്ള അവസരം നൽകാറുണ്ട്. അതിനാൽ കോടതിയുടെ വിവേചനാധികാരം വിനിയോഗിക്കുന്നതിന് ഈ വ്യവസ്ഥ തടസ്സമാകുന്നില്ല. എന്നുമാത്രമല്ല, ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിൽ ജാമ്യം എതിർക്കുന്നതിനുള്ള അവസരം പ്രോസിക്യൂഷന് നൽകണമെന്ന അങ്ങയുടെ

വാദം കോടതിയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. എന്നാൽ ഈ വ്യവസ്ഥ Cr.P.C (Code of Criminal Procedure)-യുടെ 439-ാം വകുപ്പിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ജീവപര്യന്തം ശിക്ഷ അടക്കമുള്ള കേസുകളിലാണ്. ഇതേ വ്യവസ്ഥ Prevention of Damage to Public Property Act, Narcotic Drugs and Psychotropic Substances Act, 1985 (NDPS Act), Abkari Act എന്നീ നിയമങ്ങളിൽ നിലവിലുണ്ട്. അതിനാൽ ഈ ആക്ഷേപം നിലനിൽക്കുന്നില്ല. The Code of Criminal Procedure ഞാൻ ഉദ്ധരിക്കുകയാണ്. 439 ......

ശ്രീ. വി. ഡി. സതീശൻ: സർ, PDPP Act-ലും NDPS (Narcotic Drugs and Psychotropic Substances Act)-ലും ഇക്കാര്യമുണ്ട്. ഞാൻ ഇക്കാര്യം നേരത്തേ സൂചിപ്പിച്ചതാണ്. അതെല്ലാം സെൻട്രൽ ആക്ടുകളാണ്. സെൻട്രൽ ആക്ടിൽ ഒരുപക്ഷേ ഇങ്ങനെ വയ്ക്കേണ്ടി വരും. കാരണം, ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളിലുമുള്ള കോടതികളിൽ ഇതൊന്നും നോക്കാതെയാവും ജാമ്യം നൽകുന്നത്. പക്ഷേ, ഇത് കേരള അസംബ്ലി പാസ്സാക്കുന്ന ഒരു നിയമമാണ്. കേരളത്തിൽ ഏത് കോടതിയിലും ജാമ്യാപേക്ഷ നൽകുന്നുണ്ടെങ്കിൽ അതിന്റെ കോപ്പി പ്രോസിക്യൂട്ടർക്ക് നൽകിയിരിക്കും. ആ പ്രോസിക്യൂട്ടറെ കേൾക്കാതെ

ഒരു കേസിലും ഒരു കോടതിയും കേരളത്തിൽ ജാമ്യം നൽകില്ല. എല്ലാ സ്ഥലത്തും ജാമ്യാപേക്ഷയുടെ കോപ്പി പബ്ലിക് പ്രോസിക്യൂട്ടർക്ക് നൽകും. ഒരു കോടതിയും പ്രോസിക്യൂഷനെ കേൾക്കാതെ ചെയ്യില്ല. ആൾ ഇന്ത്യാ അടിസ്ഥാനത്തിൽ പാർലമെന്റ് അങ്ങനെ പാസ്സാക്കിയതിന് മറ്റുചില ഉദ്ദേശ്യങ്ങൾ ഉണ്ടാകും. ചില സ്ഥലത്ത് അങ്ങനെയുള്ള പരാതികൾ വന്നതിനാലും ചില സ്ഥലത്ത് പ്രോസിക്യൂഷനെ കേൾക്കാതെ വന്നതുകൊണ്ടുമാണ്. കേരളത്തിൽ അങ്ങനെയൊരു സംഭവമില്ല. നമ്മൾ പാസ്സാക്കുന്ന ഒരു ആക്ടിൽ കോടതിക്ക് ഡയറക്ഷൻ നൽകുന്ന രീതിയിൽ ഒരു impropriety ഉണ്ടെന്ന് മാത്രമേ പറഞ്ഞുള്ളൂ. അങ്ങ് അത് പരിശോധിച്ച് വേണ്ടത് ചെയ്യണം.

ശ്രീ. ജി. സുധാകരൻ: സർ, Law is law everywhere. There is no basic law for Kerala alone. The basis of law is same everywhere. ആ അടിസ്ഥാനത്തിൽ നോക്കിയാൽ സെൻട്രൽ ആക്ട് മാത്രമല്ല, According to The Code of Criminal Procedure, 1973, Section 439, Special powers of Highcourt or Court of Session regarding bail, district court. "Provided that the High Court or the Court of Session shall, before granting bail to

a person who is accused of an offence which is triable exclusively by the Court of Session or which, though not so triable, is punishable with imprisonment for life, give notice of the application for bail to the Public Prosecutor.......", So it is the order. ഇത് ഓർഡറിലാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിലെ ഖണ്ഡം 6-ലെ വ്യവസ്ഥ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെ ലംഘനവും കോടതികളുടെ വിവേചനാധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റവുമാണെന്ന ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിലുള്ള നിയമവകുപ്പിന്റെ വിശദീകരണവുംകൂടി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിക്കുകയുണ്ടായി. പ്രസ്തുത വിശദീകരണം മുഖവിലയ്ക്കെടുക്കുകയാണ്. പ്രോസിക്യൂഷൻ കേൾക്കണമെന്നത് വിവേചനാധികാരത്തിന് മുകളിലുള്ള ഇടപെടലാണെന്ന് കാണാനാകില്ല എന്ന നിലപാട് സ്വീകരിക്കുകയാണ്. മാത്രമല്ല പ്രഥമദൃഷ്ട്യാ നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെയോ നടപടി ക്രമത്തിന്റെയോ ലംഘനം ഇതിലുണ്ടെന്ന്

പറയാനും കഴിയില്ല. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട കാര്യം ഇനിയും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാൻ ആവശ്യമുണ്ടെങ്കിൽ ഭേദഗതി വരുത്താനുള്ള സാഹചര്യവുമുണ്ട്. ഇത് ഒരു പുതിയ നിയമമാണെന്നിരിക്കെ ബില്ലിന്റെ ഖണ്ഡങ്ങൾക്ക് 3A, 5A എന്നൊക്കെ നമ്പറുകൾ നൽകിയ അപാകത ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി സബ്ജക്ട് കമ്മിറ്റിയിൽ പരിഹരിക്കപ്പെടുമെന്ന് ചെയർ കരുതുന്നു. ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.